# അക്കാദമിക
# മാസ്റ്റർ
# പ്ലാൻ

# 2025 - 2026

# അക്കാദമിക മാസ്റ്റർ പ്ലാൻ

# R.RUPS Ullannoor

ആമുഖം :-

പത്തനംതിട്ട ജില്ലയിൽ കുളനട പഞ്ചായത്തിലെ ഉള്ളന്നൂർ ഗ്രാമത്തിൽ 1935-ൽ "Rural Reconstruction upper Primary" എന്ന ഗ്രാമോദ്ധാരണ സ്കൂൾ പ്രവർത്തനം ആരംഭിച്ചിരുന്നു.

പ്രശസ്തനായ ആശാരിയേത്ത് എം.കെ വർഗീസ് സാറാണ് ഇതിന്റെ സ്ഥാപകൻ ഇപ്പോൾ R.RUP School എന്ന് അറിയപ്പെടുന്നു. ഇപ്പോഴത്തെ മാനേജർ ശ്രീ ജേക്കബ് ചെറിയാൻ സാറാണ്.

ഒൻപത് ദശാബ്ദക്കാലം പിന്നിട്ട ഈ സ്കൂളിൽ നിന്നും ഏകദേശം അഞ്ചു തലമുറക്കാർ വിദ്യ നേടിയിട്ടുണ്ടാകും. ഇംഗ്ലീഷ് ഭാഷയ്ക്ക് കൂടുതൽ പ്രാധാന്യം നല്കുന്നതിനു വേണ്ടി വിദേശികളുടെ സേവനം ഈ സ്കൂളിനുണ്ട് എന്ന് എടുത്തു പറയേണ്ടതാണ്.

അതുകൊണ്ട് ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യാൻ ഇവിടത്തെ കുട്ടികൾക്ക് സാധിക്കുന്നുണ്ട്.

പാഠ്യവിഷയങ്ങളിലും പാഠ്യേതര വിഷയങ്ങളിലും ഈ സ്കൂളിലെ കുട്ടികൾ മികവു പുലർത്തി വരുന്നു. Termly exam grade നോക്കിയാൽ ഭൂരിഭാഗം കുട്ടികളും 'A' grade, 'B' grade നേടിയിട്ടുള്ളവരാണ്.

കല, കായികം, ശാസ്ത്രം തുടങ്ങിയ മേളകളിൽ മികവുറ്റ പ്രകടനം കാഴ്ച വെയ്ക്കുന്ന കുട്ടികളുണ്ട് ഇവിടെയുള്ളത്. ക്വിസ്, Numaths തുടങ്ങിയ മത്സര പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന കുട്ടികളുമുണ്ട്.

Spoken English നായി പ്രത്യേകം വിദേശികൾ വന്ന് ക്ലാസ്സെടുത്തു വരുന്നു. SSG യുടെ സേവനം ഈ സ്കൂളിനുണ്ട് എന്നത് എടുത്തു പറയേണ്ട നേട്ടങ്ങളിൽ ഒന്നാണ്.

അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താൻ പഠിതാക്കളെ പ്രാപ്തരാക്കുക. | <u>എന്റെ അവധിക്കാലം</u>: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ [കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്] അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | <u>ഭാഷാകേളി</u>: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | <u>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്</u>: അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ. | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായനാശീലം വളർത്തുന്നു | <u>വാർത്താലോകത്തേക്ക്</u> പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | | | |
| | **വാർത്താ വായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ്. |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നു പ്രാവശ്യം | ഹൈസ്കൂളിലെ മലയാളം അധ്യാപകർ | പി.ടി.എ |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ | വർഷത്തിൽ രണ്ട് പ്രാവശ്യം | " | |

| ലക്ഷ്യം | | | | |
|---|---|---|---|---|
| ...നത്തിലെ മനോ-<br>ഭാവം വളർത്തുക<br>...ഷി പഠിതാക്കളുടെ<br>സർഗാത്മക ശേഷി<br>...ത്തെടുക്കൽ.<br><br>പഠിതാക്കളുടെ<br>...ഭാവനകളെ<br>പരിപോഷിപ്പിക്കൽ | <u>രംഗാവിഷ്കാരം</u><br>പാഠങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ച-കൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സ്കൂൾ | പി.ടി.എ |

## ACADEMIC MASTER PLAN 2025-26 ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കുവാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | • Lend your Ear: ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ്. |
| | • Follow me if you can: ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | • Breaking News: ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | • Missing Man: രണ്ടുപേർ തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് ഒരാളുടെ സംഭാഷണം നീക്കം ചെയ്ത് കേൾപ്പിക്കുന്നു. നീക്കം ചെയ്ത ഭാഗം കുട്ടികൾ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | • **Mystery box** : ഒരു ബോക്സിൽ വ്യത്യസ്തമായ വസ്തുക്കൾ വെയ്ക്കുന്നു. ഓരോ കുട്ടികളായി മുന്നോട്ടുവന്ന് മറ്റുള്ളവർ കാണാതെ ഒരുവസ്തു എടുക്കുന്നു. അതിനെക്കുറിച്ച് വർണ്ണിക്കുന്നു. വസ്തു ഏതെന്ന് മറ്റുകുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |
| | • Meet the foreigner: തനത് ഭാഷ സംസാരിക്കുന്നവരുമായി ആശയവിനിമയത്തിന് അവസരമൊരുക്കുന്നു | വർഷത്തിൽ ഒന്നോ രണ്ടോ തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| • ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | • **I too Can** : വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | • **Learning Ladder** : പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ചു വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനങ്ങൾ ലഭിക്കുകയും ചെയ്യുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | • **Reader of the Month** : ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the month നെ ആദരിക്കുന്നു. | മാസംതോറും | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| • തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | • Alert Zone : സൂചനാബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് മുറികളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |
| | • My Droplets : കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ,, | |
| | • Run Baby Run : ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്യങ്ങൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയികളായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ,, | |
| | • Fun-time : കടംകഥകൾ, കുസൃതിചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | എല്ലാ ആഴ്ചയും | ,, | |
| • ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | • The Grand Camp : ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ക്യാമ്പ് നടത്തുന്നു. അതിൽ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികൾക്കുള്ള അവസരം ഒരുക്കുന്നു - കഥാപറയൽ, കഥയെഴുത്ത്, Roleplay, കവിത, പ്രസംഗം തുടങ്ങിയവ. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പിടിഎ ഭാരവാഹികൾ, രക്ഷിതാക്കൾ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ : 2025 - 26

## സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ. | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ. | |
| സഹജീവികളോട് സഹഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്ത ബാധിത പ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ. | |
| വിവര വിനിമയ സാങ്കേതിക വിദ്യയുടെ | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശക |
| --- | --- | --- | --- | --- |
| ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ. | |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശനം നടത്തുന്നു. അവയുടെ പ്രാധാന്യം തിരിച്ചറിയുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ. | |

# അക്കാദമിക്ക മാസ്റ്റർപ്ലാൻ - 2025 - 26

## അടിസ്ഥാന ശാസ്ത്രം

## പഠനലക്ഷ്യങ്ങൾ.

* കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക.
* ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക.
* പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക.
* ശാസ്ത്രപഠനത്തെ ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തുക.
* കുട്ടികളിൽ ശാസ്ത്ര അവബോധം വളർത്തുക.
* ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുക.
* ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക.
* വ്യക്തിശുചിത്വവും സാമൂഹികശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക - മാനസിക - സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക.
* ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | * ചുറ്റുപാടുകളെ നിരീക്ഷിച്ച് വിവിധ സസ്യങ്ങളെ പരിചയപ്പെടൽ. | June. | Science tr:s | |
| | * വിവിധ സസ്യങ്ങളിലെ ഇലകളുടെ ശേഖരണം കണ്ടെത്തി ആൽബം തയ്യാറാക്കൽ. | June. | Science tr:s | |
| | * പച്ചക്കറിത്തോട്ടനിർമ്മാണം | അക്കാദമിക വർഷം. | H.M, Science tr | |
| | * പഠനയാത്രകൾ സംഘടിപ്പിക്കൽ | അക്കാദമിക വർഷം | H.M, P.T.A Science trs. | |
| * ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | * നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് പരീക്ഷണങ്ങൾ ചെയ്യുക. പരീക്ഷണ കിറ്റുകൾ, കുറിപ്പുകൾ എന്നിവ തയ്യാറാക്കുക. | June മുതൽ March. | Science tr:s | |
| | * പാഠഭാഗവുമായി ബന്ധിപ്പിച്ച് working model, still model എന്നിവ നിർമ്മിക്കുക. | June to March. | Science tr:s | |
| | * school തല ശാസ്ത്രമേളകൾ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | സംഘടിപ്പിക്കുക. | അക്കാദമിക വർഷം | Science tr:s, H.M, PTA. | |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക. ശാസ്ത്രത്തോട് താത്പര്യം ജനിപ്പിക്കുക. ശാസ്ത്ര അവബോധം വളർത്തുക. | ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുക.<br>* ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്രലൈബ്രറി | അക്കാദമിക വർഷം. | Science tr:s | |
| * ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | * ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിൽ എത്തിക്കുന്നു. | അക്കാദമിക വർഷം | Science tr. | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

## ഗണിതം

| ...ക്ഷ്യം. | പ്രവർത്തനങ്ങൾ. | കാലം | ചുമതല. | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...ടിസ്ഥാന ഗണിത ...ിയകൾ എല്ലാ ...ഠിതാക്കൾക്കും ...ച്ച് വരുത്തുന്നു. | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ - ഉപയോഗിക്കുന്നു.) | ജൂൺ മാസം. | ഗണിത അദ്ധ്യാപകർ. | |
| ...ംഖ്യകൾ തിരിച്ചറി-യുന്നു. താരതമ്യം ചെയ്യുന്നു. സംഖ്യക-ളുടെ താരതമ്യം ...ലുത്, ചെറുത് അടിസ്ഥാന ക്രിയ ...പ്പിക്കൽ. | സംഖ്യാബോധം ഉറപ്പിക്കൽ. | ആഗസ്റ്റ് സെപ്റ്റംബർ. | ഗണിത അദ്ധ്യാപകർ. | |
| ഗണിതം മധുരമാക്കൽ. | നിത്യ ജീവിതവുമായി ബന്ധപ്പെട്ട ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുകയും അവ നിർമ്മിക്കുകയും ചെയ്യുന്നു. | സെപ്റ്റംബർ | ഗണിത അദ്ധ്യാപകർ. | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ | | | | |

| ക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ധ്യതകൾ ഗണിത നത്തിനായി യോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗിച്ച് കുട്ടികളിലേക്ക് എത്തിക്കുന്നു. | എല്ലാ മാസവും | ഗണിതാദ്ധ്യാപകർ. | |
| വിധ ശേഷികളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ തീരുമാനിക്കുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം. | SRG. | |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം.<br>• ഓൺലൈൻ അക്ഷരമാല കളികൾ.<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം<br>• (HS വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ PRE-TEST നടത്തി,മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | JUNE to AUGUST | അക്ഷരചാർട്ട് പാഠപുസ്തകം | BRC<br>DIET<br>SCERT(ആവശ്യമെങ്കിൽ)<br>Resource teachers |
| 2 | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.) | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം<br>• ............... | September to October | ഹിന്ദി നിഘണ്ടു. | PTA,BRC<br>Resource Teacher |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| | | | | | |
|---|---|---|---|---|---|
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ളി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ളബ്ബ് പ്രവർത്തനങ്ങൾ | November to February. | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |
| | | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല – അക്കാദമികം** **(UP & HS)** **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപ-കരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc.. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.